**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 29** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിൽ ലഭിച്ച പരാതികളുടെ തീർപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിൽ വിവിധ മണ്ഡലങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകളും പരാതികളും നിവേദനങ്ങളും തീർപ്പാക്കുന്നതിനായി ആവിഷ്കരിച്ച കർമ്മപദ്ധതി വിശദമാക്കുമോ; | (എ) | നവകേരള സദസ്സിൽ ലഭിച്ച പരാതികളും നിവേദനങ്ങളും യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന-ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പ് കൽപിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നവയിൽ ആവശ്യമായ നടപടി സ്വീകരിക്കും. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതി പരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (ബി) | പ്രഭാതയോഗത്തിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളും നൽകിയിട്ടുള്ള അപേക്ഷകളും എങ്ങനെ തീർപ്പുകൽപ്പിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിക്കുന്നത് ഉൾപ്പെടെ പ്രഭാത യോഗങ്ങളിൽ ലഭിച്ച വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളും ആശയങ്ങളും വകുപ്പുതലത്തിൽ തരംതിരിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ടവകുപ്പ് മന്ത്രിമാർക്കും സെക്രട്ടറിമാർക്കും നൽകിയിരുന്നു. ഇതിനുശേഷം മുഖ്യമന്ത്രി ബന്ധപെട്ടവരുടെ യോഗം വിളിച്ച് ഇതിന്മേൽ കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ